LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവിധ വിഭാഗങ്ങളിൽപ്പെട്ട ദിവസ വേതന ജീവനക്കാരുടെ നിലവിലെ ദിവസ വേതനം ഇപ്രകാരമാണ്:

കാറ്റഗറി	ദിവസ വേതനം ₹
1. ക്ലാർക്ക്	350
2. ടൈപ്പിസ്റ്റ്	350
3. ചെയിൻമാൻ	300
4. സെക്യൂരിറ്റി ഗാർഡ്	350
5. ക്ലാസ്സ് IV	300
6. ഗവൺമെന്റ് പ്രസ്സിലെ ജീവനക്കാർ	300
7. പമ്പ് ഓപ്പറേറ്റർ	350
8. ഡ്രൈവർ	400
9. ഡാറ്റാ എൻട്രി ഓപ്പറേറ്റർ	350
10. കമ്പ്യൂട്ടർ ഓപ്പറേറ്റർ/ജൂനിയർ പ്രോഗ്രാമർ	450

(ബി) ഒന്ന് മുതൽ ഏഴ വരെ വിഭാഗങ്ങളിൽപ്പെട്ടവരുടെ വേതനം G.O.(P) No. 204/2011/Fin dated 2-5-2011 ഉത്തരവ് മുഖേനയും ഡ്രൈവർ തസ്തികയുടെ വേതനം G.O.(P) No. 145/2013/Fin dated 30-3-2013 ഉത്തരവ് മുഖേനയും ഡാറ്റാ എൻട്രി ഓപ്പറേറ്റർ, കമ്പ്യൂട്ടർ ഓപ്പറേറ്റർ/ജൂനിയർ പ്രോഗ്രാമർ എന്നീ തസ്തികകളുടെ വേതനം G.O.(P) No. 264/2011/Fin dated 18-6-2011 ഉത്തരവ് മുഖേനയുമാണ് അവസാനമായി വർദ്ധിപ്പിച്ചത്.

(സി) സാധാരണയായി ശമ്പള പരിഷ്കരണ ഉത്തരവ് നിലവിൽ വന്നതിനുശേഷം അതിന്റെ അടിസ്ഥാനത്തിലാണ് ദിവസ വേതന ജീവനക്കാരുടെ വേതനവും വർദ്ധിപ്പിക്കുന്നത്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

റീ എംപ്ലോയ്മെന്റ് സാലറി

122 (7958) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-7-2009-ന് റിട്ടയർ ചെയ്ത് തുടർന്നും മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ റീ-എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്ത് വരുന്നവരുടെ 1-7-2009 മുതൽ പുതുക്കിയ നിരക്കിലുള്ള റീ-എംപ്ലോയ്മെന്റ് സാലറി ഏത് ഉത്തരവ് അനുസരിച്ചാണ് ക്രമീകരിക്കേണ്ടത്;

(ബി) അപ്രകാരം ഓരോരുത്തരുടെയും റീ-എപ്ലോയ്മെന്റ് സാലറി ക്രമപ്പെടുത്തി അക്കൗണ്ടന്റ് ജനറൽ നല്കിയിട്ടുണ്ടോ എന്നറിയാമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) അങ്ങനെ നല്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണം ഉത്തരവിന്റെ പോരായ്മയാണോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) റീ-എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരുടെ ശമ്പളം ജി.ഒ.(പി)87/2011/ഫിൻ, തീയതി 28-2-2011 ശമ്പള/പെൻഷൻ പരിഷ്കരണ ഉത്തരവിൽ പറഞ്ഞ തരത്തിൽ ക്രമപ്പെടുത്തുന്നതിന് എന്താണ് തടസ്സം എന്ന് വ്യക്തമാക്കുമോ ;

(ഇ) 1-7-2009-ന് മുമ്പ് പലവർഷങ്ങളായി ജോലി ചെയ്തിരുന്നവർക്ക് റീ-എംപ്ലോയ്മെന്റ് സാലറി ക്രമപ്പെടുത്തി നല്കുമ്പോൾ വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) അപ്രകാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ 1-7-2009-ൽ ലഭിച്ചിരുന്ന ശമ്പള സ്കെയിലിൽ അന്നേദിവസം ലഭിച്ചിരുന്ന അടിസ്ഥാന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ ഇംക്രിമെന്റ് തീയതി മാറി പോകാത്തവിധം തൊട്ടടുത്ത ഇംക്രിമെന്റ് തീയതി വച്ച് ശമ്പളം ക്രമപ്പെടുത്തി നല്കാൻ അനുവദിക്കുമോ ;

(ജി) 1-7-2009 മുതൽ റീ-എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ ശമ്പളം നിശ്ചയിക്കുമ്പോൾ മൊത്തം ശമ്പളത്തിൽ വരുന്ന കുറവ് എത്രമാത്രമെന്ന് വ്യക്തമാക്കുമോ ;

(എച്ച്) 1-7-2009-ന് മുമ്പ് മുതൽ സർവ്വീസിൽ ഉണ്ടായിരുന്നവരും 1-7-2009-ന് ശേഷം സർവ്വീസിൽ തുടരുന്നവരുമായ 1-7-2009-ന് മുമ്പ് റിട്ടയർ ചെയ്തവരിൽ അധികം പേരും ഈ സർക്കാർ നിലവിൽ വന്നതു മുതൽ സർവ്വീസിലില്ല എന്ന വസ്തുത കണക്കിലെടുത്തു ഇന്നും തുടരുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമാണെന്ന കാര്യം കണക്കിലെടുത്തും ശമ്പളം പുതുക്കി നിശ്ചയിക്കുമ്പോൾ അധികം വാങ്ങിയതായി കാണുന്ന തുക എഴുതി തള്ളാൻ നടപടി സ്വീകരിക്കുമോ ;

(ഐ) മുമ്പുണ്ടായിരുന്നതും 1-7-2009-ന് ശേഷം ഇപ്പോഴും സർവ്വീസിൽ തുടരുന്നവരുമായവരുടെ എണ്ണം നാമമാത്രമാണ് എന്നത് പരിഗണിച്ച് ഇവരുടെ റീ-എംപ്ലോയ്മെന്റ് സാലറി ക്രമപ്പെടുത്തുന്ന കാര്യത്തിൽ ഒരു നിർദ്ദേശം ഉടൻ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത ജീവനക്കാരുടെ ശമ്പളം G.O.(P) 87/2011/Fin dated 28-2-2011, G.O.(P) No. 316/2012/Fin dated 1-6-2012, G.O.(P) No. 48/2013/Fin. Dated 23-1-2013 എന്നീ ഉത്തരവുകൾ അനുസരിച്ചാണ് ക്രമീകരിക്കേണ്ടത്. (അനുബന്ധം)*

(ബി&സി) അക്കൗണ്ടന്റ് ജനറൽ ഗസറ്റഡ് തസ്തികയിൽ റീ-എംപ്ലോയ് ചെയ്യപ്പെട്ടവരുടെ re-employment salary ക്രമപ്പെടുത്തി നൽകാറുണ്ട്.

(ഡി) അക്കൗണ്ടന്റ് ജനറൽ G.O.(P) No. 87/2011/Fin dated 28-2-2011-ൽ കൂടുതൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടതിനെ തുടർന്ന് G.O. (P) No. 316/2012/Fin dated 1-6-2012 പുറപ്പെടുവിച്ചു. എന്നാൽ ഇപ്രകാരം ക്രമീകരിക്കുമ്പോൾ പ്രസ്തുത ജീവനക്കാർ വിരമിച്ച തസ്തികയുടെ പരിഷ്കരിച്ച സ്കെയിലിന്റെ മിനിമം ഉറപ്പാക്കുന്നതിനായി G.O.(P) No. 48/2013/Fin dated 23-1-2013 പുറപ്പെടുവിച്ചു.

(ഇ-ജി) ഇപ്രകാരം സാമ്പത്തിക നഷ്ടം ഉണ്ടാകാതിരിക്കുന്നതിനാണ് G.O. (P) No. 316/2012/Fin dated 1-6-2012 പുറപ്പെടുവിച്ചിട്ടുള്ളത്.

(എച്ച് & ഐ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ശമ്പളപരിഷ്കരണത്തിലെ അപാകതകൾ

123 (7959) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശമ്പളപരിഷ്കരണത്തിൽ ഉണ്ടായ അനോമലികൾ പരിഹരിക്കുന്നതിന് പൊതുവായ മാനദണ്ഡങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും എന്തൊക്കെയാണ്; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

ശമ്പള പരിഷ്കരണത്തിലുണ്ടായ അനോമലികൾ പരിഹരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രത്യേകിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. ഒൻപതാം ശമ്പള പരിഷ്കരണത്തിലുണ്ടായ അനോമലികൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച് 26-5-2011-ലെ സർക്കുലർ നമ്പർ 29/2011/ധന പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം)*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.